ശ്രീ. സേവ്യർ അറയ്ക്കൽ: യുനസ്കോയിൽനിന്നും സഹായം ലഭിക്കുമെന്നു പറഞ്ഞു. കഴിഞ്ഞപ്രാവശ്യം എൻസൈക്ലോപീഡിയാ ഇറക്കിയ അവസരത്തിൽ എന്തെങ്കിലും സഹായം കിട്ടിയോ? ഈ പ്രാവശ്യം ഇങ്ങനെയൊരു പ്രത്യേക യൂണിറ്റ് ഉണ്ടാക്കിയെങ്കിൽ മാത്രമേ സഹായം കിട്ടുകയുള്ളു എന്ന് നിർബന്ധമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കിട്ടാൻ സാധ്യത ഉണ്ടെന്നാണ് പറഞ്ഞത്. കഴിഞ്ഞപ്രാവശ്യം കിട്ടിയിട്ടില്ല. ബാലവിജ്ഞാനകോശത്തിന് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചെന്ന് പറഞ്ഞിട്ടില്ല. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടും ഇല്ല.

ശ്രീ. പി. ബി. ആർ. പിള്ള: സർവ്വവിജ്ഞാനകോശത്തിന്റെ കോപ്പികൾ പത്രങ്ങൾക്ക് കൊടുക്കാൻ തീരുമാനിച്ചപ്പോൾ വൻകിട പത്രങ്ങൾക്കും ചില ഭരണകക്ഷിക്കാരുടെ പത്രങ്ങൾക്കുമാണ് കൊടുത്തത്. ചെറുകിട പത്രങ്ങളേയും മറ്റും ഒഴിവാക്കുകയുണ്ടായി. അതുപോലെയാണോ ബാലവിജ്ഞാനകോശത്തിന്റെ കൃതികളും കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ; വിജ്ഞാനകോശം എങ്ങനെ നടത്തണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഉള്ള കമ്മിറ്റി രൂപീകരിച്ചതേ ഉള്ളു. അതിനുമുമ്പ്തന്നെ ആർക്കു കൊടുക്കണമെന്നു പറയുന്നത് മുട്ട വിരിയുന്നതിനുമുമ്പ് തന്നെ കോഴിയെ എണ്ണുന്നതുപോലെയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: എൻസൈക്ലോപീഡിയായുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുള്ള അഭിപ്രായം ഗവൺമെന്റിനുണ്ടോ, ഉണ്ടെങ്കിൽ ബാലവിജ്ഞാനകോശവും കൂടി അവരെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് കാര്യക്ഷമമായി നടക്കുന്നു എന്നുള്ള അഭിപ്രായം ഉണ്ട്. പക്ഷെ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുള്ളതുകൊണ്ട് ഇതും കൂടി അടിച്ചേൽപ്പിക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. വി. ജെ ജോസഫ്: ബാലവിജ്ഞാനകോശത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയുള്ള കമ്മിറ്റി രൂപീകരണത്തിൽ എന്തോ ചീഞ്ഞു നാറുന്നുണ്ടെന്നുള്ള വിവരം, ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കമ്മിറ്റിയുടെ രൂപീകരണത്തിൽ എന്തോ ചീഞ്ഞു നാറുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ആരോപണങ്ങളും ആവലാതികളും എല്ലാം എപ്പോഴും ഉണ്ടാകുന്നതാണ്.

കേരള വ്യാപാര–വ്യവസായ സംഘടനയുടെ നിവേദനം

* 754 [821] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എം. വി. രാഘവൻ:
,, ചടയൻ ഗോവിന്ദൻ:
,, കെ. അനിരുദ്ധൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യാപാര–വ്യവസായ സംഘടന ഈയിടെ ഗവൺമെന്റിനു നൽകിയിട്ടുള്ള നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചോ;

(സി) സ്വീകരിച്ചെങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) എല്ലാ സാധനങ്ങളിൽമേലും ഏകമുഖ വിൽപ്പനനികുതി ഏർപ്പെടുത്തുക, അധിക വിൽപ്പനനികുതി 1.4.1979 മുതൽ നിർത്തൽ ചെയ്യുക എന്നീ ആവശ്യങ്ങളാണ് മുഖ്യമായും ഉന്നയിച്ചിട്ടുള്ളത്.

(ബി, സി) എല്ലാ സാധനങ്ങളിൽമേലും ഏകമുഖവിൽപ്പനനികുതി ഏർപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഇപ്പോഴത്തന്നെ നൂറിൽപ്പരം സാധനങ്ങളിൻമേൽ ഏകമുഖവിൽപ്പനനികുതി ചുമത്തിവരുന്നുണ്ട്. ഇനിയും കൂടുതൽ സാധനങ്ങളിൻമേൽ ഏകമുഖ വിൽപ്പനനികുതി ഏർപ്പെടുത്തുന്നകാര്യം ഗവൺമെന്റ് ഗുലാത്തി കമ്മിറ്റിയുടെ ശുപാർശകളുടെ വെളിച്ചത്തിൽ അടിയന്തിരമായി പരിശോധിച്ചു വരുന്നു. അധിക വിൽപ്പന നികുതി 1.4.1979-നു ശേഷവും തുടർന്നു പിരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏകമുഖവിൽപ്പന നികുതിയിൽ കൂടുതൽ സാധനങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി പറഞ്ഞു. എന്തെല്ലാം സാധനങ്ങളാണ് ഇങ്ങനെ ഉൾപ്പെടുത്താൻ തീരുമാനം എടുക്കാൻ പോകുന്നത്?

ശ്രീ. എസ്. വരദരാജൻ നായർ: അതിനെസംബന്ധിച്ച് അടുത്തു തന്നെ ബിൽ അവതരിപ്പിക്കാമെന്നാണ് വിചാരിക്കുന്നത്. അതിൽ വിശദമായി എല്ലാം ചേർത്തിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: എല്ലാംസാധനങ്ങൾക്കും ഏകമുഖമാക്കി കൂടായോ? നമ്മളെല്ലാം ഒരേ മുഖവും കൊണ്ടല്ലേ നടക്കുന്നത്?

മി. സ്പീക്കർ: മുഖങ്ങൾക്ക് വ്യത്യാസമുണ്ട്.

ശ്രീ. എസ്. വരദരാജൻ നായർ: മുഖങ്ങൾക്ക് വ്യത്യാസമില്ല. ചിരിക്കുന്നതിലുള്ള വ്യത്യാസമാണ്. അതുകൊണ്ടാണ് കുറച്ച് സാധനങ്ങൾ അങ്ങനെ മാറ്റിവെച്ചിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ഗവൺമെന്റ് സാമ്പത്തികമായി ഭേദപ്പെട്ടിരിക്കുകയാണല്ലോ. ഇപ്പോൾ കൂട്ടുകൊടുത്തതിൽനിന്നും 16 കോടി രൂപ അധികം കിട്ടുകയും ചെയ്തു. അതുകൊണ്ട് കഴിഞ്ഞകൊല്ലത്തെ സെയിൽസ് ടാക്സ്, അതൊന്ന് ഈ കൊല്ലം ഇളവ് ചെയ്തുകൊടുത്തുകൂടായോ?

ശ്രീ. എസ്. വരദരാജൻ നായർ: വളരെ വിശദമായി അത് അവതരിപ്പിച്ചപ്പോൾ പറഞ്ഞകാര്യമാണ്. അന്ന് ഞാൻ ഒരുവാചകം പറഞ്ഞിരുന്നത് ബഹുമാനപ്പെട്ട മെമ്പർ ഓർക്കുമെന്നാണ് വിശ്വസിക്കുന്നത്. കേന്ദ്രസർക്കാരിന്റെ അപ്രതീക്ഷിതമായ ചില നടപടികൾകൊണ്ട് അവിചാരിതമായി കൂടുതൽ ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു എന്നുപറഞ്ഞു. അതിന്റെയെല്ലാം ചില ലാഞ്ഛനകൾ കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: കുറെയധികം സാധനങ്ങൾക്ക് ഇനിയും ബഹുമുഖവിൽപ്പനനികുതി ഏർപ്പെടുത്തുന്നുണ്ടെന്നു പറഞ്ഞു. ഏതെങ്കിലും ഒരു സമയപരിധിക്കുള്ളിൽ ഇതെല്ലാം ഏകമുഖമാക്കുമെന്ന് പറയാമോ?

ശ്രീ. എസ്. വരദരാജൻ നായർ: നേരത്തെ പറഞ്ഞതുപോലെ ഏതാണ്ട് 100-ൽ പരം സാധനങ്ങളുടെ മേൽ ഏകമുഖവിൽപ്പന നികുതിയാക്കിയിട്ടുണ്ട്. അടുത്തുതന്നെ 50-ഓളം സാധനങ്ങളുടെമേൽ ഏകമുഖവിൽപ്പന നികുതി ചുമത്തുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. പിന്നെ ബാക്കിവരുന്നത് കഷ്ടിച്ച് 20-ൽ പരം സാധനങ്ങളെ ഉള്ളൂ. അത് ഏകമുഖവിൽപ്പന നികുതിയാക്കുന്നത് അപ്രായോഗികമാണെന്നു കണ്ടതുകൊണ്ടാണ് മാറ്റിവെച്ചിരിക്കുന്നത്.

ശ്രീ. കെ. അനിരുദ്ധൻ: ഗുലാത്തി കമ്മീഷൻ ഇനിയുള്ള സാധനങ്ങളുടെമേൽകൂടി ഏകമുഖവിൽപ്പന നികുതിയാക്കണമെന്നു നിർദ്ദേശിച്ചിട്ടും മന്ത്രിപറയുന്നത് അത് ഏകമുഖമാക്കുന്നത് അപ്രായോഗികമാണെന്നാണ്. അതൊന്നു പുനഃപരിശോധന നടത്താൻ തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ഗുലാത്തി കമ്മിറ്റി റിപ്പോർട്ട് കണ്ടിട്ടില്ലെന്നാണു തോന്നുന്നത്. ഗുലാത്തി കമ്മിറ്റി റിപ്പോർട്ടിൽ എല്ലാം ഏകമുഖമാക്കണമെന്ന് പറഞ്ഞിട്ടില്ല. ചിലതിനെ സംബന്ധിച്ചിടത്തോളം ഏകമുഖമാക്കണമെന്ന് അദ്ദേഹവും നിർദ്ദേശിച്ചിട്ടില്ല. അദ്ദേഹം നിർദ്ദേശിച്ചതിൽ 99 ശതമാനവും ഏകമുഖമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: വ്യാപാര-വ്യവസായ സംഘടനകളും ഗവൺമെൻറിന് നൽകിയ നിവേദനത്തിൽ അവരിൽനിന്നും ഈടാക്കുന്ന വിൽപ്പന നികുതിയെക്കുറിച്ച് ഉദ്യോഗസ്ഥൻമാരുടെ ആവലാതിയെപ്പറ്റിയുള്ള പ്രശ്നം ഉന്നയിച്ചിട്ടുണ്ടോ? ഗവൺമെൻറ് അതിനെപ്പറ്റിപരിഗണിച്ചിട്ടുണ്ടോ? അവർ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങളെന്തെല്ലാമാണ്?

ശ്രീ. എസ്. വരദരാജൻ നായർ: പ്രധാനമായ ആവശ്യങ്ങളും എന്താണ് എന്നുള്ളതിനെ സംബന്ധിച്ചാണ് ചോദ്യം. പ്രധാനമായ ആവശ്യം ഈ രണ്ടുകാര്യങ്ങളും ആണെന്നുള്ളതുകൊണ്ടാണ് അങ്ങനെ ഉത്തരം പറഞ്ഞത്. മറ്റ് കാര്യങ്ങളെസംബന്ധിച്ചിടത്തോളം ഗവൺമെൻറിന് ഭരണപരമായിട്ടുള്ള നടപടികളും ഉണ്ട്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: വ്യാപാര സംഘടനകളും നൽകിയിട്ടുള്ള മെമ്മോറാണ്ടത്തിൽ ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ള കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് അടക്കം ഈ വ്യവസായത്തിലുള്ള ആളുകളും പിരിക്കാതിരിക്കുന്ന സെയിസ്ടാക്സ് വകയിൽ ലക്ഷക്കണക്കിന് രൂപ സുപ്രീം കോടതി വിധിയെ തുടർന്ന് കൊടുക്കേണ്ടതായി വന്നിരിക്കുകയാണ്. ഈ 55 ലക്ഷം രൂപ ഗവൺമെൻറ് ഉടമയിലുള്ള സ്റ്റീൽ കോംപ്ലക്സ്തന്നെ തരികയാണെങ്കിൽ ആ വ്യവസായം നടത്താൻ സാധിക്കാത്ത സാഹചര്യം വരുമെന്നുള്ളതിനെക്കുറിച്ച് അനുഭാവപൂർവ്വം ചിന്തിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ? ഗവൺമെൻറ് അതിൻമേൽ തീരുമാനം എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: സ്റ്റേറ്റിൽ കോംപ്ലക്സിനെ സംബന്ധിച്ച് മാത്രമല്ല, സ്റ്റേറ്റിൽ ഫാമിലിക്കേഷൻ വ്യവസായത്തെ സംബന്ധിച്ചിടത്തോളം തന്നെ സമഗ്രമായ പഠനം നടത്തുന്നതിന് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്നകമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റി വിശദമായ ചർച്ച ചെയ്തതിനുശേഷം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. കെ. ജെ. ചാക്കോ: എല്ലാസാധനങ്ങൾക്കും ഏകമുഖ വിൽപ്പന നികുതി ഏർപ്പെടുത്തുകയാണെങ്കിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ടാക്സ് ഇവേഷൻ ഫലപ്രദമായി തടയാൻ സാധിക്കുമെന്നുള്ളതിനെ അടിസ്ഥാനമാക്കി ഘട്ടംഘട്ടമായിട്ടെങ്കിലും എല്ലാ സാധനങ്ങൾക്കും ഏകമുഖവിൽപ്പന നികുതി ഏർപ്പെടുത്തുന്നതാണെന്നു ഒരു പ്രഖ്യാപനം നടത്തുവാൻ തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഘട്ടമൊന്നുമില്ല. 1976-ൽ ആദ്യത്തെ ഘട്ടം കഴിഞ്ഞു. ഇനി ഇപ്പോൾത്തന്നെ അടുത്തഘട്ടം ആക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഗവൺമെന്റിന്റെ വരുമാനം കൂട്ടുവാൻ ബഹുമുഖനികുതിക്ക് പകരം ഏകമുഖനികുതി ഏർപ്പെടുത്തുകയാണോ ഗവൺമെന്റിന്റെ ഉദ്ദേശം?

ശ്രീ. എസ്. വരദരാജൻ നായർ: ഏകമുഖവിൽപ്പന നികുതിയാക്കിയാൽ എല്ലാറ്റിൽനിന്നും കൂടുതൽ നികുതി കിട്ടുമെന്നു വിചാരിക്കുന്നത് ശരിയല്ല. ചിലതിനെ സംബന്ധിച്ചിടത്തോളം നികുതി കൂടിവരും. എന്നാൽചിലതിനെ സംബന്ധിച്ചിടത്തോളം നികുതി കുറഞ്ഞുംവരും. എല്ലാത്തിനും ഏകമുഖ നികുതിയാക്കിയാൽ കൂടുമെന്നോ അല്ലെങ്കിൽ എല്ലാത്തിനും ഏകമുഖമാക്കിയില്ലെങ്കിൽ കുറയുമെന്നോ പറയുന്നത് ശരിയല്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: കഴിഞ്ഞകൊല്ലം ഒരു കൊല്ലത്തേയ്ക്ക് മാത്രമാണ് ഈ അധികനികുതിയെന്നു പറഞ്ഞ് അവതരിപ്പിച്ചത് ഈ കൊല്ലത്തേയ്ക്കു കൂടി നീട്ടിയിരിക്കുകയാണ്. അത് ഈ കൊല്ലത്തേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുമെന്നു പറഞ്ഞ് ഈ സഭയ്ക്ക് ഉറപ്പുതരാമോ?

ശ്രീ. എസ്. വരദരാജൻ നായർ: അങ്ങനെയൊരു ഉറപ്പുതരാൻ സാധ്യമല്ല.

ശ്രീ. സിറിയക് ജോൺ: നികുതി ഏകമുഖമോ ബഹുമുഖമോയെന്നുള്ളത് ഒരു പ്രശ്നമായി എടുക്കുന്നതിനുപരി വ്യത്യസ്ത നികുതികൾ പിരിക്കുന്നുണ്ട്. ഈ വ്യത്യസ്ത നികുതികളെല്ലാം ഏതെങ്കിലുമൊരു ഏജൻസിവഴി മാത്രം പിരിച്ചുകൊണ്ട് നികുതിദായകരുടെ ബുദ്ധിമുട്ടൊഴിവാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഏതു സ്റ്റേറ്റിൽ ആയിരുന്നാലും ഒരു നികുതികൊണ്ട് കാര്യം നടക്കുകയില്ല. പലരീതിയിലുള്ള നികുതികൾ ഉൽപ്പാദനത്തെ പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും കാണും.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ നികുതിയും ഓരോ സാധനത്തിൻമേലുള്ളതായിരിക്കും. അതുകൊണ്ട് എല്ലാനികുതി പിരിവുകളും ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരിക എന്നുപറഞ്ഞാൽ അത് കാര്യക്ഷമമാവുകയില്ല.

ശ്രീ. പി. ബി. ആർ. പിള്ള: ബഹുമുഖ നികുതി അസസ് ചെയ്യുന്ന രംഗത്തും വസൂലാക്കുന്ന രംഗത്തും ഭയങ്കരമായ അഴിമതികൾ നടക്കുവാൻ സാദ്ധ്യതയുണ്ട്. അഴിമതി ഒഴിവാക്കണമെന്നുള്ള ആഗ്രഹമുണ്ടെങ്കിൽ ഇത്തരത്തിലുള്ള അഴിമതി ഇല്ലാതാക്കുന്നതിന് ഒരു പുനഃപരിശോധന നടത്തുമോ?

ശ്രീ. എസ്. വരദരാജൻ നായർ: എന്താണ് പുനഃപരിശോധിക്കേണ്ടതെന്ന് മനസ്സിലായില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, പത്തു ശതമാനം നികുതി ഒരു കൊല്ലത്തേക്ക് അല്ലാതെ ഇൻഡഫിനറ്റ് ആയിട്ട് കൊണ്ടുപോകുമെന്ന്. അതിന് ജനങ്ങൾ വിധിപറയും. അസസ്മെന്റ് കൊടുക്കുമ്പോൾ കൊടുക്കുന്ന റിട്ടേണിനെക്കാളും ഇരുപത്തഞ്ചും അമ്പതും ശതമാനം കൂട്ടിയാണ് അസസ് ചെയ്യുന്നതെന്നു പറഞ്ഞുകൊണ്ട് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഇതെല്ലാം എസ്റ്റിമേറുകളാണ്. ഈ കൊല്ലത്തെ വ്യാപാര ടേൺഓവറിനെക്കാൾ സ്വാഭാവികമായും അടുത്ത കൊല്ലം 15 ശതമാനമെങ്കിലും ടേൺഓവർ കൂടുതലായി ഉണ്ടാകുമെന്നുള്ളതാണ് സങ്കൽപ്പം. അതല്ല കുറവാണെന്നുള്ളത് കണക്കുകൾകൊണ്ടു ബോദ്ധ്യപ്പെടുത്തിയാൽ കുറച്ചുകൊടുക്കാറുണ്ട്. അല്ലാതെ പതിനഞ്ചും ഇരുപത്തഞ്ചും ശതമാനം കൂട്ടുകയാണെന്നു പറയുന്നതിൽ കാര്യമില്ല.

ശ്രീ. എ. പി. കുര്യൻ: അമ്പതോളം പുതിയ സാധനങ്ങൾക്ക് ഏകമുഖ വിൽപ്പന നികുതി ഏർപ്പെടുത്തുമെന്നുപറഞ്ഞു. അതിനുവേണ്ടി വന്നാൽ ഒരു ബിൽതന്നെകൊണ്ടുവരുമെന്നും പറയുകയുണ്ടായി. ആ ബിൽ ഈ സഭയിൽ തന്നെയാണോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്, എന്നാണ് കൊണ്ടുവരിക, അവശേഷിക്കുന്ന സാധനങ്ങൾക്ക് ഏകമുഖ വിൽപ്പന നികുതി അപ്രായോഗികമാണെന്നു പറഞ്ഞു. അത് ഏത് സാധനങ്ങൾക്കാണ്, എന്തുകൊണ്ടാണ് എന്നു വിശദീകരിക്കാമോ?

ശ്രീ. എസ്. വരദരാജൻ നായർ: മിക്കവാറും സാധിക്കുമെങ്കിൽ ഈ സമ്മേളനത്തിൽത്തന്നെ ആ ബിൽ അവതരിപ്പിക്കണം എന്നാണ് വിചാരിക്കുന്നത്, എന്തുകൊണ്ടാണ് എന്നുള്ളതിനെ സംബന്ധിച്ച് ആ ബിൽ അവതരിപ്പിക്കുന്ന അവസരത്തിൽ വിശദമായി പറയാം.

ശ്രീ. ഇ. നാരായണൻ നായർ: ഇംഗ്ലീഷ് മരുന്നുകൾക്ക് ഏകമുഖ വിൽപ്പന നികുതിയാക്കിയതിന്റെ ഫലമായി ഗവൺമെന്റിന് കൂടുതൽ നികുതി ഈടാക്കുവാൻ സാധിക്കുകയല്ലേ ചെയ്തത്, അതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള സാധനങ്ങൾക്കുകൂടി വ്യാപിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഓരോ സാധനത്തിനും പ്രത്യേകം പ്രത്യേകം ഇത്ര നികുതി പിരിച്ചെടുക്കുന്നു എന്നുപറഞ്ഞുകൊണ്ട് കണക്ക് എടുക്കുകയെന്നു പറയുന്നത് പ്രായോഗികമല്ല. മൊത്തമായ പിരിവിനെ സംബന്ധിച്ച് ആണ്ടോടാണ്ട് വർദ്ധനവ് ആണെന്നു പറഞ്ഞാൽ മതിയല്ലോ.

LIBRARY ARCHIVES Kerala Legislative Assembly